(Pages : 3) **T – 6258**

Reg. No. : .............................

Name : .................................

## Second Semester M.A. Degree Examination, September 2024

## Malayalam Language and Literature

## ML 522 : ആധുനിക ആധുനികാനന്തര കവിതാസാഹിത്യം

**(2023 Admission)**

Time : 3 Hours Max. Marks : 75

I. ഒരു വാക്കിലോ ഒരു വാക്യത്തിലോ ഉത്തരമെഴുതുക.

1. വഞ്ചിക്ഷോണിക്കൊരുതിലകമാമപ്പുരത്തേയ്ക്ക് പോകും - ഏത് സ്ഥലത്തെയാണ് ആ പുരമെന്ന് സൂചിപ്പിക്കുന്നത്?

2. പച്ചമലയാള കാവ്യങ്ങളുടെ ആദ്യമാതൃക എന്നു കരുതപ്പെടുന്ന കൃതി ഏത്?

3. ബസ് സ്റ്റോപ്പിൽ - ആരുടെ കവിത?

4. ''മുഖത്തു ഭാവം വേണം
   സ്റ്റെപ്പ് തെറ്റരുത്
   സമയമില്ലിനിയൊട്ടും'' വക്താവ് ആര്?

5. വിഭ്രമ വിഷവിത്തു വിതയ്ക്കിലും ഹൃദിമേ-
   വിസ്മരിക്കില്ല ഞാൻ നിന്നെ സുരസുഷമേ...? - ആരാണു വിഭ്രമവിഷവിത്തു വിതച്ചത്?

**(5 × 1 = 5 Marks)**

P.T.O.

II. **രണ്ടു** പുറത്തിൽ കവിയാതെ **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.

6. മയൂരസന്ദേശത്തിന്റെ രചനാസവിശേഷതകൾ വിലയിരുത്തുക.

7. പച്ചമലയാളപ്രസ്ഥാനമെന്നാൽ എന്ത്? ഉദാഹരണസഹിതം വിവരിക്കുക.

8. അഥവാ - സ്ഥിരമല്ലിതൊന്നുമി-
ക്ഷിതിയിൽ തൈയഥ ശാഖിയാകണം
അതുപിൻ മുതുവൃക്ഷമാകണം
മുതുവൃക്ഷം ബത! ദാരുവാകണം - വിവക്ഷിതമെന്ത്? വിശദമാക്കുക.

9. ജാതിക്കുമ്മിയുടെ സാമൂഹ്യപ്രാധാന്യം വിലയിരുത്തുക.

10. ചങ്ങമ്പുഴയുടെ കവിതാസങ്കല്പത്തിന്റെ പ്രതീകമാണ് കാവ്യനർത്തകി. പരിശോധിക്കുക.

11. കഥകളിയുമായി ബന്ധപ്പെട്ട ബിംബകല്പനകൾ കളിയച്ഛനിൽ പ്രകടമാകുന്നതിന്റെ ഔചിത്യഭംഗി വിലയിരുത്തുക.

12. ഇത്തറവാടിത്തഘോഷണത്തെപ്പോലെ
വൃത്തികെട്ടിട്ടില്ലമറ്റൊന്നുമൂഴിയിൽ - ആക്ഷേപഹാസ്യം വിലയിരുത്തുക.

13. നിന്നിലുൾത്തൃപ്തി ചേർക്കുവാനെന്തുള്ളൂ
നിന്നതൃപ്തിക്കലഭ്യമായെന്തുള്ളൂ - വിവക്ഷിതമെന്ത്?

14. മാധവൻ അയ്യപ്പത്തിന്റെ കവിതകളുടെ മുഖമുദ്രകളെന്തെല്ലാം?

15. ബുദ്ധനും ആട്ടിൻകുട്ടിയും എന്ന കവിതയുടെ ദർശനമെന്ത്?

16. പേരുകൾക്കുള്ളിൽ പെരുമാളിരിക്കുന്നു
പേരുംപെരുമാളുമൊന്നുതന്നെയല്ലയോ
- ഈ പ്രസ്താവനയിലെ ധ്വനിയെന്ത്?

17. 'ജലമെന്നോ വെള്ളമെന്നോ
തിരിയാതെ തിരിയുന്നു'
– എന്ന എഴുത്തിന്റെ പൊരുളെന്ത്?

18. കാണുന്നുണ്ട്
അവരുടെ കണ്ണുകളിൽ
അനേകമക്ഷരങ്ങൾ - സൂചിതം വ്യക്തമാക്കുക.

19. തീരദേശ കവിതയുടെ ആഖ്യാനപരിസരങ്ങൾ ഏതെല്ലാം?

20. ഗോത്രകവിതകളുടെ പൊതുസവിശേഷതകൾ ഉദാഹരണസഹിതം വിവരിക്കുക.

**(10 × 4 = 40 Marks)**

III. നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

21. (a) മലയാള കാവ്യരംഗത്തുണ്ടായിരുന്ന പൂർവ്വധാരണകളിൽ നിന്നും ആശാൻ കവിത വ്യത്യസ്തമാകുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) മലയാളകവിതയെ പരിചരിച്ച കാല്പനികതയുടെ പരിണാമഘട്ടങ്ങൾ വിവരിക്കുക.

22. (a) കാല്പനികതയിൽ നിന്നും റിയലിസത്തിലേയ്ക്കുള്ള പരിണാമം പി. കുഞ്ഞിരാമൻ നായർ, ബാലാമണിയമ്മ, ഇടശ്ശേരി എന്നിവരുടെ കവിതകൾ പ്രതിനിധാനം ചെയ്തതെങ്ങനെ? ഉദാഹരണസഹിതം വിവരിക്കുക.

അല്ലെങ്കിൽ

(b) ആധുനികകവിതയുടെ സവിശേഷതകൾ എ. അയ്യപ്പൻ, ഡി. വിനയചന്ദ്രൻ എന്നിവരുടെ കവിതകളെ മുൻനിർത്തി പരിശോധിക്കുക.

23. (a) ആധുനികാനന്തര മലയാളകവിതകൾ സാമൂഹിക രംഗത്തോട് സംവദിച്ചതെങ്ങനെ? പരിശോധിക്കുക.

അല്ലെങ്കിൽ

(b) ഭാഷ, പ്രമേയം എന്നീ വിഷയങ്ങളെ തീരദേശകവിതകൾ, ട്രാൻസ്ജെൻഡർ കവിതകൾ, ഗോത്രകവിതകൾ എന്നിവ അഭിസംബോധന ചെയ്യുന്നതെങ്ങനെ? ചർച്ച ചെയ്യുക.

**(3 × 10 = 30 Marks)**

---